"ഭരണഭാഷ-മാതൃഭാഷ"

**നഗര-ഗ്രാമാസൂത്രണ വകുപ്പ്**
**കോഴിക്കോട് ജില്ലാ നഗരാസൂത്രകയുടെ നടപടിക്രമം**
**(ഹാജർ . ഐഷ.പി.എ)**

വിഷയം:- ഓമശ്ശേരി ഗ്രാമപഞ്ചായത്ത് - വാർഡ് 8-ൽ, റീ.സർവെ 17/1-ൽ അസംബ്ലി കെട്ടിടം (വെഡിംഗ് ഹാൾ ) നിർമാണം - ശ്രീ. ഹുസൈൻ ഹാജി, മറിയം എന്നിവരുടെ അപേക്ഷയിൽ ലേ ഔട്ട് & യൂസേജ് ഓഫ് പ്ലോട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു

പരാമർശം:-1) ശ്രീ. ഹുസൈൻ ഹാജി, മറിയം എന്നവരുടെ 04/11/19-ലെ അപേക്ഷ.
2) ഓമശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 05/09/19-ലെ എ 3-1139/18 നമ്പർ കത്ത്
3) ത.സ്വ.ഭ.വ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 20.11.19 ലെ 201/ആർഡി1/2019 /ത.സ്വ.ഭ.വ നമ്പർ സർക്കുലർ

**ഉത്തരവ് നമ്പർ. റ്റിസിപികെസെഡ് ഡി-3336/2019-സി1 11/12/2019**

ഓമശ്ശേരി ഗ്രാമപഞ്ചായത്തിൽ, വാർഡ് 8-ൽ, റീ.സർവെ 17/1-ൽ ഉൾപ്പെട്ട 206.35 സെന്റ് സ്ഥലത്ത് ബേസ്മെന്റ്, ഗ്രൗണ്ട് ഫ്ലോർ നിലകളിലായി 2529.61 ച.മീറ്റർ തറവിസ്തീർണം വരുന്ന ഒരു അസംബ്ലി കെട്ടിടവും മേൽ ഉപയോഗത്തിനോട് ചേർന്ന് ഗ്രൗണ്ട് ഫ്ലോർ നിലയിലായി 319.16 ച.മീറ്റർ തറവിസ്തീർണം വരുന്ന ഓഫീസ്, പ്രയർ, ടോയ്ലെറ്റ് ബ്ലോക്ക് എന്നിവയും ഉൾപ്പെടെ മൊത്തം 2848.77 ച.മീറ്റർ തറവിസ്തീർണം വരുന്ന നിർമാണത്തിന് (എഫ്.എ.ആർ - 0.34, കവറേജ് 19.40% )താഴെപറയുന്ന നിബന്ധനകൾക്ക് വിധേയമായി കെ.പി.ബി.ആർ 2011 റൂൾ 57(1) പ്രകാരം ലേ ഔട്ട് &യൂസേജ് ഓഫ് പ്ലോട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു

**നിബന്ധനകൾ**

1. നിമ്മാണസ്ഥലത്തിന്റെ ഉടമസ്ഥാവകാശം , നിർമ്മാണാവകാശം, സ്ഥലത്തിന്റെ തരം , റി. സർവേ നമ്പർ, അതിരുകൾ എന്നിവ കെപിബി ആർ 2011 റൂൾ 11 പ്രകാരം സെക്രട്ടറി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.
2. നിർമാണത്തിന് ആവശ്യമായ ഉത്ഖനനം, മണ്ണിടൽ എന്നിവക്ക് ചട്ടപ്രകാരം വേണ്ട സുരക്ഷ നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. റൂൾ 57(12) പ്രകാരം ഖര-ദ്രവ മാലിന്യങ്ങളുടെ ശേഖരണത്തിനും ആരോഗ്യകരമായ സംസ്കരണത്തിനും വേണ്ട സംവിധാനം എന്നിവ ഏർപ്പെടുത്തേണ്ടതാണ്.
4. റൂൾ 57(8) പ്രകാരം അഗ്നിസേന ഡയരക്ടറിൽ നിന്നോ അദ്ദേഹം അധികാരപെടുത്തിയ ഉദ്യോഗസ്ഥനിൽ നിന്നോ അംഗീകാരം സാക്ഷ്യപത്രംവാങ്ങിക്കേണ്ടതാണ്
5. സ്ഥലത്തോട് ചേർന്നുള്ള തോട് മലിനപ്പെടുത്തുന്നതോ ആയതിന്റെ സ്വഭാവിക നീരൊഴുക്ക് തടസ്സപ്പെടുത്തുന്നതോ ആയ യാതൊരു പ്രവർത്തിയും ചെയ്യാൻപാട്ടുള്ളതല്ല
6. എയർ കണ്ടിഷൻഡ്ഏരിയ 500 ച. മിറ്ററിൽ കൂടുതൽ വരുന്നതിനാൽ കേരള സ്റ്റേറ്റ് എനർജി കോൺസെർവഷൻ ബിൽഡിംഗ് കോഡ് 2017 പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.
7. ചട്ടപ്രകാരമുള്ള കോമ്പൗണ്ടിങ് ഫീ ഈടാക്കേണ്ടതാണ്.

Scanned by CamScanner

File No.TCPKZD/3336/2019-C1

അംഗീകരിച്ച സൈറ്റ്പ്ലാൻ നമ്പർ ടിപി/എൽഎ/38/2019 ഇതോടൊന്നിച്ച് ഉള്ളടക്കം ചെയ്യുന്നു.

**നോട്ട്**- മേൽ ഉത്തരവ് കെട്ടിടത്തിന്റെ ലേ ഔട്ട് & യൂസേജ് ഓഫ് പ്ലോട്ട് അംഗീകാരം മാത്രമാണ്. കെട്ടിട നിർമാണാനുമതി പഞ്ചായത്ത് സെക്രട്ടറിയിൽനിന്നും നിയമാനുസൃതം ലഭ്യമാക്കേണ്ടതാണ്.

നഗരാസൂത്രക, കോഴിക്കോട്

**ശ്രീ. ഹുസൈൻ ഹാജി, മറിയം**
**ഹസീന മൻസിൽ,**
**പാടശ്ശേരി പറമ്പിൽ,**
**കല്ലുരുട്ടി (പി.ഒ) ഓമശ്ശേരി (ഒരുസെറ്റ് പ്ലാൻ സഹിതം)**

**പകർപ്പ്**.- 1) സെക്രട്ടറി, ഓമശ്ശേരി ഗ്രാമപഞ്ചായത്ത്
2) വെബ്സൈറ്റ് 3) കരുതൽ

Scanned by CamScanner